**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 476** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. പി. ടി. തോമസ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | പ്രതിസന്ധിയിലായിട്ടില്ല. |
| (ബി) | വിറ്റുപോയ ഓട്ടോറിക്ഷകളുടെ ബാറ്ററികൾ പ്രവർത്തിക്കുന്നില്ലെന്ന കാരണത്താൽ വിതരണക്കാർ ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. |
| (സി) | ഇ-ഓട്ടോ പ്രവർത്തിക്കാത്തത് മൂലം പ്രതിസന്ധിയിലായ ഡീലർഷിപ്പുകാർക്കുണ്ടായ നഷ്ടം നികത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ; | (സി) | ഇന്നുവരെ വിറ്റുപോയിട്ടുള്ള ഇ-ആട്ടോകൾ ഒന്നും തന്നെ പ്രവർത്തിക്കാതെ വന്നിട്ടില്ല. വിൽക്കുന്ന ഓട്ടോകൾക്ക് കമ്പനി രണ്ടു വർഷത്തേക്ക് വാറന്റി നൽകുന്നുണ്ട്. ഭാവിയിൽ പ്രവർത്തിക്കാതെ വന്നാൽ കമ്പനി നേരിട്ട് സർവ്വീസ് നടത്തി ഇവ പ്രവർത്തനക്ഷമം ആക്കുന്നതാണ് . ഇ - ആട്ടോ സർവ്വീസ് സെന്ററുകൾ ഡീലർമാർ മുഖേന പ്രവർത്തിപ്പിക്കുന്നതിനാൽ, ഇ-ആട്ടോയ്ക്ക് ചെറിയ തകരാറുകൾ ഉണ്ടായാൽ തന്നെയും ഉടൻ തന്നെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. അതിനാൽ ഇ-ആട്ടോ പ്രവർത്തിക്കാത്തതു മൂലമുള്ള പ്രതിസന്ധിയ്ക്ക് സാധ്യതയില്ല. |
| (ഡി) | കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ വിദേശരാജ്യങ്ങളിലേക്ക് ഇതിനോടകം കയറ്റി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കയറ്റുമതി നടത്തിയിട്ടുണ്ട്. 22 ഇ-ഓട്ടോകൾ നേപ്പാളിലേക്ക് കയറ്റി അയച്ചിട്ടുണ്ട്. കൂടുതൽ ഓർഡറുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീലങ്ക, ടാൻസാനിയ എന്നിവിടങ്ങളിൽ നിന്നും അന്വേഷണങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ